Day 5 of 90 days ✝✝✝ 30th October 2017

എവിടെയെങ്കിലും മാറികിടന്ന് ഉറങ്ങുന്നവനോ സ്വന്തം കാര്യം അന്വേഷിച്ചു പോകുന്നവനോ അല്ല നമ്മുടെ ഇടയൻ. അവൻ നമ്മെ പച്ചയായ പുൽപുറങ്ങളിൽ കിടത്തുന്നു. തികഞ്ഞ സമൃദ്ധിയുടെ അനുഭവത്തെയാണ് കാണുന്നത്. ഇടയൻ എവിടെയാണ് നമ്മെ കിടത്തുന്നത്? ഉണങ്ങിയ പുൽമേടുകളിലോ വേണ്ടത്ര മേച്ചിലില്ലാത്ത ഇടങ്ങളിലോ അല്ല, പച്ചയായ പുൽപുറങ്ങളിലാണ്, കർത്താവിന്റെ സമൃദ്ധിയായ ദാനത്തെയാണ് അത് കാണിക്കുന്നത്. അവൻ തന്റെ ജനത്തിന് എല്ലാം തന്നെ സമൃദ്ധിയായി പ്രദാനം ചെയ്യുന്നവനാണ്.

അവൻ നൽകുന്ന ജീവൻ, സമൃദ്ധിയായ ജീവനാണ്. അവൻ നൽകുന്ന സമാധാനം, സകലബുദ്ധിയെയും കവിയുന്ന സമാധാനമാണ്. അവൻ തന്റെ ജനത്തിന് നൽകുന്ന സന്തോഷം, പൂർണ്ണമായ സന്തോഷമാണ്. നമ്മുടെ ബുദ്ധിമുട്ടുകൾ അവൻ തീർത്തു തരുന്നത്, നമ്മുടെ ആവശ്യത്തിനൊത്തവണ്ണമല്ല, ധനത്തിനൊത്തവണ്ണമാണ്. അവൻ മേത്തരമായ ഗോതമ്പുകൊണ്ടു നമ്മെ പോഷിക്കുന്നവനും തേൻ കൊണ്ടു നമുക്കു തൃപ്തിവരുത്തുന്നവനുമാണ്. സകലവും സമൃദ്ധിയായി അവൻ നമുക്ക് പ്രദാനം ചെയ്യുന്നു എന്നു മാത്രമല്ല, സമൃദ്ധിയിൽ തന്നെ നമ്മെ നിലനിർത്തുകയും ചെയ്യുന്നു.

സ്വർഗ്ഗരാജ്യത്തിൽ ആഹാരം മാത്രമല്ല, വിശ്രമവുമുണ്ട്. ദൈവസന്നിധിയിലേക്കു വരണം. ദൈവത്തിന്റെ നടത്തിപ്പിൻ കീഴിൽ വരണം. അവിടെ സമൃദ്ധിയുണ്ട്, വിശ്രമമുണ്ട്. ദൈവവചനമാകുന്ന പുൽമേടുകളിലേക്കിറങ്ങുക. അവിടെ ആവശ്യമായ ആഹാരമെല്ലാം സമൃദ്ധിയായിട്ടുണ്ട്, അവിടെ വിശ്രമവും ഉണ്ട്. തുടർന്ന് ദാവീദ് പറയുന്നത്, 'എന്റെ ഇടയൻ എന്നെ സ്വസ്ഥതയുള്ള വെള്ളത്തിനരികിലേക്കു നടത്തുന്നു.' വെള്ളത്തിനരികിലേക്കു നയിക്കുകയാണ് ചെയ്യുന്നത്. ആവശ്യംപോലെ കുടിക്കുവാൻ അവിടെയുണ്ട്. ധാരാളം വെള്ളമുള്ളിടത്തേക്കാണ് ഇടയൻ ആടിനെ നയിക്കുന്നത്. അത് കലങ്ങിമറിഞ്ഞ് വല്ലാതെ ഒഴുകികൊണ്ടിരിക്കുന്ന സ്ഥാനത്തേക്കല്ല, പ്രത്യുത സ്വസ്ഥമായ ജലത്തിന്റെ അരികിലേക്കാണ്. അത് ശാന്തമായി നിന്നു പാനം ചെയ്യുവാൻ തക്കവണ്ണം ആത്മാവാം നദിയിലേക്കു നമ്മുടെ ഇടയൻ നമ്മെ നയിക്കുന്നു.

തുടരും....